**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 160** **10-06-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ കോടതി കേന്ദ്രത്തിലെ 3 കോടതികൾ സ്ഥാപിക്കുന്നതിനായി പഴയ കോടതി കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം 6 നിലകളിലായാണ് (Ground+5 floors) പുതിയ കോടതി സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ അനുവദിച്ച 14 കോടി രൂപ ഉപയോഗിച്ച് മൂന്നാംനില വരെയുള്ള സ്ട്രക്ച്ചറൽ വർക്സ് പൂർത്തിയാക്കി. തുടർന്നുള്ള രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ അധികതുകയായ 696 ലക്ഷം (അറുനൂറ്റി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്സ് ഭരണാനുമതിയ്ക്കായി ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള ശിപാർശ പരിശോധിച്ച് വരുന്നു. |
| (ബി) | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ; | (ബി) | പയ്യന്നൂർ കോടതി കേന്ദ്രത്തിലെ 3 കോടതികൾ സ്ഥാപിക്കുന്നതിനായി പഴയ കോടതി കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം 6 നിലകളിലായാണ് (Ground+5 floors) പുതിയ കോടതി സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ അനുവദിച്ച 14 കോടി രൂപ ഉപയോഗിച്ച് മൂന്നാംനില വരെയുള്ള സ്ട്രക്ച്ചറൽ വർക്സ് പൂർത്തിയാക്കി. തുടർന്നുള്ള രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ അധികതുകയായ 696 ലക്ഷം (അറുനൂറ്റി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്സ് ഭരണാനുമതിയ്ക്കായി ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള ശിപാർശ പരിശോധിച്ച് വരുന്നു. |
| (സി) | മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട നാല്, അഞ്ച് നിലകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | നാല്, അഞ്ച് നിലകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ അധിക തുകയായ 696 ലക്ഷം (അറുനൂറ്റി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്സ് |

| | | | |
|---|---|---|---|
| | | | ഭരണാനുമതിയ്ക്കായി ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഡി) | നാല്, അഞ്ച് നിലകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ അധിക തുകയായ 696 ലക്ഷം (അറുനൂറ്റി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്സ് ഭരണാനുമതിയ്ക്കായി ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ